"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഭാഗ്യക്കുറി വകുപ്പിലെ കമ്പ്യൂട്ടർ വത്കരണത്തിനും സെക്യൂരിറ്റി പ്രിന്റിംഗ് മേൽനോട്ടം വഹിക്കുന്നതിനും രൂപീകരിച്ച ഉന്നത തല സമിതി പുനഃസംഘടിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.65/2024/TAXES തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:- 1. 22.09.2017 ലെ സ.ഉ.(കൈ) നം.79/2017/ടാക്സസ് നമ്പർ ഉത്തരവ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ SLTY/2771/2023-MOD1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ കമ്പ്യൂട്ടർവത്കരണത്തിനും ലോട്ടറി സെക്യൂരിറ്റി പ്രിന്റിംഗിന് മേൽനോട്ടം വഹിക്കുന്നതിനുമായി പരാമർശം (1) പ്രകാരം ഒരു ഉന്നത തല സമിതി രൂപീകരിച്ചിരുന്നു. ലോട്ടറി ടിക്കറ്റ് പ്രിന്റിംഗ് പ്രക്രിയയിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം കൂടുന്നതിനാൽ അച്ചടിയുടെ സുരക്ഷയും കാര്യക്ഷമതയും മെച്ചപ്പെടുന്നതിന് നൂതന സാങ്കേതിക ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുന്നതിനാൽ, സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും ഉള്ളവരെ ഉന്നത തല സമിതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ച്, ഉന്നത തല സമിതി പുനഃസംഘടിപ്പിക്കാൻ പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശാദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ചുവടെപ്പറയുന്ന ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരെ ഉൾപ്പെടുത്തി

ഉന്നത തല സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു :-

1. സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ് (ചെയർമാൻ)
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ
3. മാനേജിംഗ് ഡയറക്ടർ, കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റി
4. ഡയറക്ടർ, സി-ആപ്റ്റ്
5. ഇ-ഗവേർണൻസ് തലവൻ, കേരള സംസ്ഥാന ഐ.ടി.മിഷൻ
6. ഡയറക്ടർ, സംസ്ഥാന അച്ചടി വകുപ്പ്
7. ഡയറക്ടർ, സി-ഡിറ്റ്
8. ചീഫ് ടെക്നിക്കൽ ഓഫീസർ, മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷൻ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട വ്യക്തികൾക്ക്
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/284/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 15-10-2024 10:00:22

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്